**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T 1358** | **13.06.2014 - ൽ മറുപടിക്ക്**

**പലിശരഹിത വിദ്യാഭ്യാസ വായ്പ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിദ്യാഭ്യാസ വായ്പ പലിശ രഹിതമായി നൽകുന്നതിന് നപടി സ്വീകരിക്കുമോ ; | (എ) (ബി) 2009 ഏപ്രിൽ മുതൽ വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ പലിശ സബ്സിഡി നൽകി വരുന്നു. 4.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് പ്രകാരം +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 -ന് ശേഷം വിതരണം ചെയ്ത തുകയ്ക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡി ലഭ്യമാണ്. അതിനാൽ വിദ്യാഭ്യാസ വായ്പകൾ ഫലത്തിൽ ഇപ്പോൾ പലിശ രഹിതമായാണ് പഠനകാലയളവിലും അതു കഴിഞ്ഞുള്ള ഒരു വർഷം വരെയും 4.5 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്നത്. |
| (ബി) ഇതിലേയ്ക്കായി സമഗ്രമായ പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ